## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 585** **30.06.2016-ന് മറുപടിക്ക്**

## ജലാശയങ്ങളിലെ ജൈവവൈവിധ്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം. ഉമ്മർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്തെ ജലാശയങ്ങളിലെ തനത് ജൈവവൈവിധ്യത്തിന്റെ ശോഷണം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) | ജലാശയ ജൈവവൈവിധ്യ കണക്കെടുപ്പും അതിന്റെ സംരക്ഷണവും ലക്ഷ്യമാക്കി റാംസർ സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ശാസ്താംകോട്ട, വേമ്പനാട്, അഷ്ടമുടി എന്നീ തണ്ണീർത്തടങ്ങളിലെയും തിരുവനന്തപുരത്തെ വെള്ളായണി കായലിലെയും വയനാട്ടിലെ പൂക്കോട് തടാകത്തിന്റെയും ജൈവവൈവിധ്യ പഠനം നടന്നുവരുന്നു. മൺസൂൺകാലത്തെ മത്സ്യങ്ങളുടെ പ്രജനനത്തെക്കുറിച്ചും, കേരളത്തിലെ 44 നദികളിലെയും മത്സ്യസമ്പത്തുകളെക്കുറിച്ചുള്ള പഠനം നടത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരം ജൈവവൈവിധ്യത്തിന്റെ നിലനിൽപിന് ഭീഷണിയായ ജലസസ്യജന്തുജാലങ്ങളെ ഒഴിവാക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (ബി) | പമ്പയാറിൽ അനിയന്ത്രിതമായി വ്യാപിച്ച കബംബ എന്ന കളസസ്യത്തെ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ഒരു പഠനവും ശുദ്ധജലമത്സ്യങ്ങളിൽ രാസവസ്തുക്കളുടെ മാലിന്യബാധ സംബന്ധിച്ചുള്ള പഠനവും സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സംസ്ഥാന ജൈവവൈവിധ്യ ബോർഡുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| (സി) എങ്കിൽ അതിനായി ബന്ധപ്പെട്ട വകുപ്പുകളും ത്രിതല പഞ്ചായത്ത് സംവിധാനവും യോജിച്ച് പ്രവർത്തിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ? | (സി) ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണത്തിനായി തടാകപ്രദേശത്ത് ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒരു സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതി രൂപീകരിക്കുകയും, പമ്പാ നദിയുടെ സംരക്ഷണത്തിനായി ഇതിന്റെ സമീപത്തുള്ള പഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒരു സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതി രൂപീകരിക്കുകയും ചെയ്തു. സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ